# STD - VIII

## അദ്ധ്യാപക സഹായി

**<u>പാഠം - ആറ് കേരളസഭ ഭാഗം - ഒന്ന്</u>**

### ലക്ഷ്യം

കേരളത്തിലെ കത്തോലിക്ക സഭയ്ക്ക് ഇന്ന് സുസംഘടിതമായ ചട്ടക്കൂടും ഘടനയും നയങ്ങളും ഭരണസംവിധാനങ്ങളുമൊക്കെയുണ്ട്. ഒന്നാം നൂറ്റാണ്ടോളം പഴക്കമുള്ള കേരളത്തിലെ സഭയുടെ ആരംഭം മനസ്സിലാക്കുവാൻ നാം തയ്യാറാകണം. വ്യത്യസ്ത ആരാധന പാരമ്പര്യമുള്ള വിവിധ സഭകളെയും കുറിച്ച് നാം അറിഞ്ഞിരിക്കണം.

### പഠനസഹായികൾ

* ഉദയംപേരൂർ സൂനഹദോസ് 425-ാം വാർഷികം പി.ഒ.സി. വാർത്ത
* ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ - പുസ്തകം
* സൂനഹദോസിന്റെ സുപ്രധാന തീരുമാനങ്ങൾ - ചാർട്ട്
* മട്ടാഞ്ചേരിയിലെ കൂനൻകുരിശ് - ഫോട്ടോ
* ഉദയംപേരൂർ സൂനഹദോസ് പള്ളി - ഫോട്ടോ

### പാഠത്തിന്റെ ഉള്ളടക്കം

* കേരളസഭയിലെ മറക്കാനാവാത്ത നാഴികക്കല്ലാണ് ഉദയംപേരൂർ സൂനഹദോസ്.
* അലക്സിസ് മെനേസിസ് മെത്രാപ്പോലീത്തയാണ് വിളിച്ചുചേർത്തത്.
* കേരളസഭയിൽ നിലനിന്നിരുന്ന അയിത്തം, മന്ത്രവാദം, ശകുനംനോട്ടം തുടങ്ങിയ തിന്മകൾ ഇല്ലാതാക്കി.
* 1599-ൽ ഈശോസഭ വൈദികൻ ഫ്രാൻസീസ് റോസിനെ അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയാക്കി.
* അങ്കമാലി അതിരൂപതയെ ഗോവയുടെ സാമന്തരൂപതയാക്കി.
* മാർത്തോമ ക്രിസ്ത്യാനികൾക്ക് ലത്തീൻവൽക്കരണത്തോട് എതിർപ്പ്
* അഹത്തള്ള എന്ന പൗരസ്ത്യമെത്രാൻ - മൈലാപ്പൂരിൽ എത്തുന്നു.
* മാർത്തോമ ക്രിസ്ത്യാനികളുടെ കൂനൻകുരിശു ശപഥവും തുടർന്നുള്ള കേരളസഭയിലെ വിഭജനവും കേരളസഭാ ചരിത്രത്തിൽ കറുത്ത അധ്യായമാണ്.

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, പ്രതിസന്ധികളിലും ആകുലതകളിലും അങ്ങേ വിശ്വാസം മുറുകെപ്പിടച്ചുകൊണ്ട് ഇതര സഭാവിഭാഗങ്ങളിലെ വിശ്വാസസമൂഹങ്ങളോട് ആദരവോടെ പെരുമാറിക്കൊണ്ട് മുന്നോട്ടുപോകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. ഉദയംപേരൂർ സൂനഹദോസ് വിളിച്ചുചേർത്ത മെത്രാപ്പോലീത്ത?
2. സൂനഹദോസിലെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു?
3. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ എന്ന ഗ്രന്ഥം രചിച്ചത് ആരാണ്?
4. കൂനൻകുരിശ് ശപഥം - കുറിപ്പെഴുതുക
5. ക്രൈസ്തവരുടെ ഇടയിലുണ്ടായിരുന്ന എന്തൊക്കെ തിന്മകളും ദുരാചാരങ്ങളുമാണ് ഉദയംപേരൂർ സൂനഹദോസ് ഇല്ലാതാക്കിയത്?

# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – ആറ്     കേരളസഭ     ഭാഗം – രണ്ട്

### ലക്ഷ്യം

ലത്തീൻ സമുദായംഗങ്ങളായ നാം കേരളത്തിലുള്ള മറ്റ് വ്യത്യസ്ത സഭാവിഭാഗങ്ങളെയും മനസ്സിലാക്കണം. വിവിധ റീത്തുകളിലെ സമാനതകളും വൈവിധ്യങ്ങളും കണ്ടറിഞ്ഞും കേട്ടറിഞ്ഞും നാം മനസ്സിലാക്കണം.

### പഠനസഹായികൾ

* സീറോ മലബാർ സഭാ തലവൻ – മാർ റാഫേൽ തട്ടിൽ – ചിത്രം
* സീറോ മലങ്കര സഭാ തലവൻ – കർദിനാൾ ക്ലീമിസ് കാതോലിക്ക ബാവ – ചിത്രം
* നിങ്ങളുടെ ദേവാലയത്തിന്റെ അടുത്തുള്ള സീറോ മലബാർ, സീറോ മലങ്കര – ദേവാലയങ്ങളുടെ ചിത്രങ്ങൾ
* പാലാരിവട്ടം പി.ഒ.സിയുടെ ഫോട്ടോ – കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ (KCBC) ആസ്ഥാനം

### പാഠത്തിന്റെ ഉള്ളടക്കം

* മൂന്ന് റീത്തുകളാണ് കേരളസഭയിൽ ഉള്ളത്. ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര – (നമ്മുടെ റീത്ത് ലത്തീൻ)
* വിവിധ സ്ഥലങ്ങളിൽ രൂപംകൊണ്ട സഭാ സമൂഹങ്ങൾ അതത് സ്ഥലങ്ങളിലെ ഭാഷ, സംസ്ക്കാരം, പാരമ്പര്യം എന്നിവയനുസരിച്ച് ബലിയർപ്പണത്തിനും ആരാധനരീതികൾക്കും രൂപം നൽകി.
* ലത്തീൻസഭയുടെ ആരംഭം
* 1923 ഡിസംബർ 21-ന് പതിനൊന്നാം പീയൂസ് പാപ്പ സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ചു. 1992-ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ – സീറോ മലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. കാക്കനാട് മൗണ്ട് സെന്റ് തോമസ് ആണ് സീറോ മലബാർ സഭയുടെ ആസ്ഥാനം.
* 1930-ൽ മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിലാണ് സീറോ മലങ്കര സഭാംഗങ്ങൾ കത്തോലിക്ക സഭയിൽ പുനരൈക്യപ്പെട്ടത്.
* റീത്തുകൾ തമ്മിൽ നാലുതരത്തിലുള്ള വ്യത്യാസങ്ങൾ ഉണ്ട്. സ്വന്തമായ ആരാധനാക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണസംവിധാനം.

## പ്രാർത്ഥന

ഇതര സഭാവിഭാഗങ്ങളെ ആദരവോടും ബഹുമാനത്തോടും കൂടെ അംഗീകരിക്കുവാനും കൈകോർത്തു ജീവിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ.

## ചോദ്യങ്ങൾ

1. റീത്തുകൾ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തൊക്കെയാണ്?
2. കേരളത്തിലെ ആദ്യത്തെ ലത്തീൻ അതിരൂപത ഏതാണ്?
3. കേരളത്തിലെ ലത്തീൻ രൂപതകൾ ഏതൊക്കെയാണ്?
4. സീറോ മലബാർ സഭയുടെ ഇപ്പോഴത്തെ മേജർ ആർച്ചുബിഷപ്പ് ആരാണ്?
5. സീറോ മലങ്കരസഭ എവിടെവച്ചാണ് കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ടത്?